No. 100/2021

**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,
പ. സഭയുടെ ഉടമസ്ഥതയിലും നമ്മുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പ്രവർത്തിച്ചുവരുന്ന പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി അതിന്റെ പ്രവർത്തനസരണിയിൽ അനുഗ്രഹകരമായി മുന്നേറുന്നു എന്നറിയിക്കുന്നതിൽ നമുക്ക് എറെ സന്തോഷമുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്ത് രണ്ട് പതിറ്റാണ്ടിലധികമായി മികച്ച സേവനം നൽകുന്ന കോളേജിന് ഉന്നത വിദ്യാഭ്യാസ മികവിന്റെ അംഗീകാരമായി നാക് (NAAC) B++ ഗ്രേഡ് ഈ വർഷം ലഭിച്ചു എന്നതിൽ നമുക്ക് അഭിമാനിക്കാം. കൂടാതെ NBA അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ് എന്നീ ശാഖകളിൽ ബി. ടെക് കോഴ്സുകളിലേക്ക് 2021 – 22 അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്ന വിവരം നിങ്ങളെ അറിയിക്കുന്നു. എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹരായ നമ്മുടെ സഭാംഗങ്ങൾക്ക് നമ്മുടെ കോളേജിൽത്തന്നെ അഡ്മിഷൻ ലഭിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്.

എഞ്ചിനീയറിംഗ് പഠിക്കുവാൻ ആഗ്രഹിക്കുന്ന നമ്മുടെ കുട്ടികളെ നമ്മുടെ പീരുമേട് എഞ്ചിനീയറിംഗ് കോളേജിൽ തന്നെ ചേർക്കുന്നതിന് നമ്മുടെ വൈദികരും രക്ഷിതാക്കളും മുൻകൈ എടുക്കണം. വിദ്യാർത്ഥികൾക്ക് ആരാധനയ്ക്കായി കാമ്പസിനുള്ളിൽതന്നെ ചാപ്പൽ സ്ഥിതി ചെയ്യുന്നുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മികവുറ്റ സൗകര്യങ്ങളോടുകൂടെ വെവ്വേറെ ഹോസ്റ്റലുകൾ ക്രമീകരിച്ചിട്ടുണ്ട്. മികച്ച താമസസൗകര്യങ്ങളുള്ള ഇവിടുത്തെ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സൗജന്യ ട്യൂഷൻ ക്രമീകരിച്ചിട്ടുണ്ട്. അഡ്മിഷൻ നേടുന്ന ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് ഫീസിനത്തിൽ പ്രത്യേക ഇളവുകൾ നൽകുന്നതാണ്. ഈ വർഷം ആ ഇടവകയിൽ നിന്ന് 10–ാം ക്ലാസിലും +1, +2 സയൻസ് വിഷയത്തിലും പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ പേരും മറ്റ് വിവരങ്ങളും ഈ കൽപ്പനയോടൊപ്പം നൽകുന്ന ഫാറത്തിൽ താഴെ പറയുന്ന ഇ-മെയിലിൽ അയച്ചുതരുവാൻ വികാരിമാർ ശ്രദ്ധിക്കണം. ഈ സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മികച്ച തൊഴിലവസരങ്ങൾ ലഭിക്കണം എന്ന ഉദ്ദേശ്യത്തോടെയുള്ള തയ്യാറെടുപ്പുകൾ എഞ്ചിനീയറിംഗ് പഠനത്തിന്റെ ആദ്യവർഷം മുതൽ ആരംഭിക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഓർത്തഡോക്സ് സഭാംഗങ്ങളായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

(മറുപുറം)

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഡയറക്ടർ പയ്യംപള്ളിൽ ജിജി ഏബ്രഹാം കത്തനാരുമായോ (09605020820), എഞ്ചിനീയറിംഗ് കോളേജിന്റെ ദേവലോകം അരമനയിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫീസുമായോ (0481 2574522, aramana@mbcpeermade.com)പീരുമേട്ടിൽ സ്ഥിതി ചെയ്യുന്ന കോളേജ് ഓഫീസുമായോ ബന്ധപ്പെടാവുന്നതാണ് (www.mbcpeermade.com, e.mail: mbc@mbcpeermade.com, 04869233571, 7559933571, 7025062628).

മഹാമാരികളുടെ ഈ പ്രതിസന്ധി കാലഘട്ടത്തിൽ നമ്മുടെ സഭയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാവിയെ സംബന്ധിച്ചുള്ള ആശങ്ക നമ്മെ ഏറെ ഭാരപ്പെടുത്തുന്നുണ്ട്. സഭയുടെ സ്ഥാപനങ്ങൾ സംരക്ഷിച്ച് പുരോഗതിയിലേക്ക് നയിക്കേണ്ടതിന്റെ ഉത്തരവാദിത്വം സഭാംഗങ്ങൾക്കേവർക്കും, പ്രത്യേകിച്ച് നമ്മുടെ വൈദികർക്ക്, ഉണ്ട് എന്ന് നാം ഓർമിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2021 ജൂൺ മാസം 05 -ാം തീയതി
പരുമല സെന്റ് ഗ്രീഗോറിയോസ്
ആശുപത്രിയിൽ നിന്നും

MAR BASELIOS CHRISTIAN
COLLEGE OF ENGINEERING & TECHNOLOGY
KUTTIKKANAM, PEERMADE, IDUKKI DIST, KERALA - 685 531

# FEES SREUCTURE 2021

## Merit Scholarship (*Based On PCM Mark in Plus Two*)

| Branch | Category | | | | | |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| | Tuition fee to be paid after the scholarship in Rs Per Semester | | | | | |
| CSE | 5,000 | 15,000 | 20,000 | 25,000 | 30,000 | 35,000 |
| CE/ECE/EEE/ME | 0 | 0 | 15,000 | 20,000 | 22,500 | 25,000 |

| Category 1 | Category 2 | Category 3 | Category 4 | Category 5 | Category 6 |
|---|---|---|---|---|---|
| Up to 15,000 Kerala Entrance Rank(KEAM) or 90% and Above Mark in PCM for HSE or 86% and above Mark in PCM for CBSE/ISC | Between 15,001-20,000 Kerala Entrance Rank(KEAM) or 86% and Above Mark in PCM for HSE or 81% and above Mark in PCM for CBSE/ISC | Between 20,001 - 24,000 Kerala Entrance Rank(KEAM) or 81% and Above Mark in PCM for HSE or 76% and above Mark in PCM for CBSE/ISC | Between 24,001 - 27,000 Kerala Entrance Rank(KEAM) or 76% and Above Mark in PCM for HSE or 71% and above Mark in PCM for CBSE/ISC | Between 27,001 - 30000 Kerala Entrance Rank(KEAM) or 65% and Above Mark in PCM for HSE or 60% and above Mark in PCM for CBSE/ISC | Any Rank in Kerala Entrance Rank(KEAM or 45% and Above Mark in PCM for HSE or 45% and above Mark in PCM for CBSE/ISC |

## MOSC Scholarship (*Based On MOSC Engineering Scholarship Exam*)

| Branch | Grade | | | | | |
|---|---|---|---|---|---|---|
| | A+ | A | B+ | B | C | D |
| | Tuition fee to be paid after the scholarship in Rs Per Semester | | | | | |
| CSE | 5,250 | 14,000 | 19,200 | 24,400 | 31,500 | 35,000 |
| CE/ECE/EEE/ME | 3,750 | 10,000 | 13,750 | 17,500 | 22,500 | 25,000 |

## Fees Structure Management Quota/NRI Quota

| Category | Management Quota | | NRI Quota | |
|---|---|---|---|---|
| | Branch | | Branch | |
| | CSE | CE/ECE/EEE/ME | CSE | CE/ECE/EEE/ME |
| Tuition Fee | 35,000/Sem | 25,000/Sem | 60,000/Sem | 25,000/Sem |
| Special Fee | 7,500/Sem | | | |
| Admission Fee | 500(One tine ) | | | |
| Caution Deposit | 5,000( One time ) | | | |
| PTA Fund | 1,000 | | | |
| University Registration Fee | 1,500 * | | | |
| University Exam Fee | 1,700/Sem* | | | |

**Note:* *May vary as per APJ Abdul Kalam Technological University Norms*

*CE- Civil Engineering, CSE-Computer Science And Engineering ,ECE- Electronics And Communication Engineering, EEE- Electrical And Electronics Engineering ,ME-Mechanical Engineering*

***Note-*** *For the Continuation of the scholarship in the subsequent semester, the candidate must satisfy following criteria:*
*1.Should be regular in class with an attendence of not less than 75%.*
*2.Should not be involve in any disciplinary action from the college or hostel.*
*3.From second year onwards, students will avail the scholarship only if they earn the prescribed credits for each semester (S1 to S8) as stipulated by the University and maintain a 6.0 SGPA (Only for first semester) / CGPA. (For more detail about*
*Scholarship, refer MBC Prospectus 2020)*
*4.Management reserves the right to allow students with small variation in percentage's, to resubmit an application through Department Head and Principal for availing scholarships.*

# MBC SCHOLARSHIP EXAM

**28th & 29th July 2021**

## FOR MORE DETAILS CONTACT

ERNAKULAM
9961510339

PATHANAMTHITTA
9567620923

KOTTAYAM
9496802908

MALABAR
9176492110

IDUKKI
9846916751

THIRUVANANTHAPURAM
8289860079

TO REGISTER

www.mbcpeermade.com

NAAC
ACCREDITED
INSTITUTION

MY LORD AND MY GOD

MAR BASELIOS CHRISTIAN
COLLEGE OF ENGINEERING & TECHNOLOGY
KUTTIKKANAM, PEERMADE

*Scholarship worth ₹2 Crores.
*Mode of Examination-Online.

NAAC
NATIONAL ASSESSMENT AND
ACCREDITATION COUNCIL

NAAC
NATIONAL ASSESSMENT AND ACCREDITATION COUNCIL

20 YEARS OF ACADEMIC EXCELLENCE

# MBC SCHOLARSHIP EXAM 2021



## SCHOLARSHIP WORTH 2 Cr

Malankara Orthodox Syrian Church offers Scholarship worth 2 crore for students who wish to take admission at Mar Baselios Christian College of Engineering and Technology, Kuttikkanam.

**Online exam to be held on**

**2021 August 7th** ▶ **Kottayam Malabar and Ernakukam Region**

**2021 August 8th** ▶ **Idukki, Pathanamthitta and Thiruvanthupuram Region**

**FOR MORE DETAILS**

Kottayam 94968 02908 ▪ Malabar 91764 92110
Ernakulam 99615 10339 ▪ Pathanamthita 9567620923
Idukki 98469 16751 ▪ Thiruvanthapuram 9944606728

# WE CARE FOR YOUR DREAMS!

SCAN & REGISTER

To Register http://mbccet.in/Sch_Exam/

www.mbcpeermade.com

MBC

MAR BASELIOS CHRISTIAN
COLLEGE OF ENGINEERING AND TECHNOLOGY
KUTTIKKANAM, PEERMADE
APPROVED BY AICTE | AFFILIATED TO APJAKTU | ESTD. 2001

For Admissions 7559933571, 9072200344, 8075250059, 7025062628

# ഓർത്തഡോക്സ് സഭ 2 കോടിയുടെ സ്കോളർഷിപ് നൽകുന്നു

**ഓൺലൈൻ പരീക്ഷ ഓഗസ്റ്റ് 7,8 തീയതികളിൽ: 6 കേന്ദ്രങ്ങൾ**

കോട്ടയം● എൻജിനീയറിങ് പഠനത്തിനു 2 കോടി രൂപയുടെ സ്കോളർഷിപ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഏർപ്പെടുത്തി. സഭയുടെ ഉടമസ്ഥതയിലുള്ള പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ ഈ അധ്യയന വർഷം പ്രവേശനം നേടുന്ന, പഠനത്തിൽ മികവുള്ളവരും സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവരുമായ പ്ലസ് ടു സയൻസ് വിദ്യാർഥികൾക്കാണു സ്കോളർഷിപ് ലഭിക്കുക.

സ്കോളർഷിപ് പരീക്ഷയിൽ മികച്ച വിജയം നേടുന്നവർക്ക് ഫീസിളവുകളോടു കൂടി മെക്കാനിക്കൽ, സിവിൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ, കംപ്യൂട്ടർ സയൻസ് ബ്രാഞ്ചുകളിൽ പ്രവേശനം നേടാം.

ഓൺലൈൻ വഴിയാണ് പരീക്ഷ. ആറ് സെന്ററുകൾ ഇതിനായി ക്രമീകരിച്ചിട്ടുണ്ട്. ഓഗസ്റ്റ് 7ന് മലബാർ (91764 92110), എറണാകുളം (9961510339), കോട്ടയം (94968 02908) സെന്ററുകളിലും 8ന് ഇടുക്കി (9846916751), പത്തനംതിട്ട (9567620923), തിരുവനന്തപുരം (9944606728) സെന്ററുകളിലും പരീക്ഷ നടക്കും.

ഫോൺ:: 9072200344, 7559933571. ഓൺലൈനായി റജിസ്റ്റർ ചെയ്യാൻ: www.mbcpeermade.com

# ഓർത്തഡോക്സ് സഭ 2 കോടിയുടെ സ്കോളർഷിപ് നൽകും

**ഓൺലൈൻ പരീക്ഷ ഓഗസ്റ്റ് 7, 8 തീയതികളിൽ; 6 കേന്ദ്രങ്ങൾ**

കോട്ടയം● എൻജിനീയറിങ് പഠനത്തിനു 2 കോടി രൂപയുടെ സ്കോളർഷിപ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഏർപ്പെടുത്തി. സഭയുടെ ഉടമസ്ഥതയിലുള്ള പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ ഈ അധ്യയന വർഷം പ്രവേശനം നേടുന്ന, പഠനത്തിൽ മികവുള്ളവരും സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവരും ആയ പ്ലസ് ടു സയൻസ് വിദ്യാർഥികൾക്കാണു സ്കോളർഷിപ് ലഭിക്കുക.

സ്കോളർഷിപ് പരീക്ഷയിൽ മികച്ച വിജയം നേടുന്നവർക്ക് ഫീസിളവുകളോടു കൂടി മെക്കാനിക്കൽ, സിവിൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ, കംപ്യൂട്ടർ സയൻസ് ബ്രാഞ്ചുകളിൽ പ്രവേശനം നേടാം.

ഓൺലൈൻ വഴിയാണ് പരീക്ഷ. ആറ് സെന്ററുകൾ ഇതിനായി ക്രമീകരിച്ചിട്ടുണ്ട്. ഓഗസ്റ്റ് 7ന് മലബാർ (91764 92110), എറണാകുളം (9961510339), കോട്ടയം (94968 02908), സെന്ററുകളിലും 8ന് ഇടുക്കി (9846916751), പത്തനംതിട്ട (9567620923) തിരുവനന്തപുരം (9944606728) സെന്ററുകളിലും പരീക്ഷ നടക്കും.

ഫോൺ: 9072200344, 75599 33571. ഓൺലൈൻ റജിസ്ട്രേഷന്: www.mbcpeermade.com